

# മൂന്ന് വർഷം, 8500 കോടി രൂപ വായ്പ




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


2.92 ലക്ഷം കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്, അംഗങ്ങളായി 43ലക്ഷത്തോളം സ്ത്രീകളും. ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതടക്കമുള്ള അയൽക്കൂട്ട വനിതകളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ബാങ്കുകൾ ഈ അയൽക്കൂട്ടങ്ങൾക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു. വെറും 4 ശതമാനം പലിശയ്ക്ക് ഈ വായ്പ ലഭ്യമാക്കുന്നതിനായി പലിശ സബ്സിഡി സർക്കാരും നൽകുന്നു. ഇപ്രകാരം ആവശ്യമായ വായ്പാ തുക മിതമായ പലിശയ്ക്ക് ലഭ്യമാക്കുന്നതിലൂടെ അയൽക്കൂട്ടാംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനും തന്മൂലം പ്രാദേശിക സാമ്പത്തിക വികസനത്തിനും വഴിയൊരുങ്ങുന്നു.

2016-ൽ ഞങ്ങൾ അയൽക്കൂട്ടങ്ങൾ വായ്പയെടുത്ത കണക്കുകൾ വിശദമായ പഠനത്തിനും പരിശോധനയ്ക്കും വിധേയമാക്കിയിരുന്നു. ഇത്രയും വായ്പ ഇളവോടെ നൽകുന്ന ഈ ബാങ്ക് വായ്പാ സൗകര്യം ചില അയൽക്കൂട്ടങ്ങൾ ഉപയോഗിച്ചിട്ടില്ലെന്ന് മനസ്സിലാക്കാൻ സാധിച്ചു.



അതേസമയം അയൽക്കൂട്ടാംഗങ്ങൾ ചിലരെങ്കിലും 24% പലിശയ്ക്കും 36% പലിശയ്ക്കുമൊക്കെ പണം കടം കൊടുക്കുന്നവരിൽ നിന്ന് തുകകൾ കടമായി വാങ്ങിയിട്ടുണ്ടെന്നും വ്യക്തമായി. ഈ സാഹചര്യത്തിലാണ് അയൽക്കൂട്ടം വഴി ലഭ്യമാകുന്ന ബാങ്ക് വായ്പയുടെ പ്രാധാന്യം അംഗങ്ങൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ ഞങ്ങൾ പ്രത്യേക സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്ൻ നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചതും ആ പ്രവർത്തനങ്ങൾ നടത്തിയതും. വെറും 4 ശതമാനം പലിശയ്ക്ക് ഈടില്ലാതെ ബാങ്ക് വായ്പ ലഭിക്കുമ്പോൾ എന്തിന് മറ്റ് സ്ഥാപനങ്ങളെയോ വ്യക്തികളെയോ ആശ്രയിക്കണം? ഇതായിരുന്നു ഞങ്ങളുടെ ക്യാമ്പയിനിന്റെ പ്രധാന മുദ്രാവാക്യം. ഞങ്ങളുടെ ക്യാമ്പയിനിന്റെ ഫലമായി ഇപ്പോൾ 2.27 ലക്ഷം അയൽക്കൂട്ടങ്ങളും ഈ വായ്പ സൗകര്യം ഉപയോഗപ്പെടുത്തിക്കഴിഞ്ഞു. അതേ ഈ മൂന്ന് വർഷത്തിനകം 78 ശതമാനം ബാങ്ക് ലിങ്കേജിലേക്ക് ഞങ്ങൾക്ക് എത്തിച്ചേരാൻ സാധിച്ചു.

2016-17ൽ 59,634 അയൽക്കൂട്ടങ്ങൾ 2032.5 കോടി രൂപ വായ്പയും 201718ൽ 77,711 അയൽക്കൂട്ടങ്ങൾ 2335 കോടി രൂപ വായ്പയും 2018-19 ൽ 1,03,211 അയൽക്കൂട്ടങ്ങൾ 4132 കോടി രൂപ വായ്പയും എടുത്തു. ആകെ 8500 കോടി രൂപയാണ് ഈ വർഷങ്ങൾകൊണ്ട് ബാങ്കിൽ നിന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പയായി ലഭ്യമായത്. ഈ വർഷം 80,000ത്തിലധികം അയൽക്കൂട്ടങ്ങൾ 3000 കോടി രൂപയിലധികം തുകയുടെ വായ്പയെടുക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ വായ്പകൾ പൊതുവേ മൂന്ന് വർഷക്കാലാവധിയുള്ളതായതിനാൽ 2019-20 കഴിയുമ്പോഴേക്കും ബാങ്ക് ലിങ്കേജില്ലാത്ത പത്ത് ശതമാനം അയൽക്കൂട്ടങ്ങൾ മാത്രമേ ഉണ്ടാകൂ എന്ന് കരുതുന്നു.

കൊള്ളപ്പലിശക്കാരിൽ നിന്നും വലിയ കടക്കെണിയിൽ നിന്നും അയൽക്കൂട്ടാംഗങ്ങളെ മോചിപ്പിക്കാനും തങ്ങളുടെ അത്യാവശ്യങ്ങൾക്കും ഉപജീവന പദ്ധതികൾക്കും വേണ്ടി സ്വന്തമായി പണം ലഭ്യമാക്കാനുമാക്കെ ഈ മൈക്രോഫിനാൻസ് പ്രവർത്തനത്തിലൂടെ സാധിക്കുന്നു. വായ്പയെടുത്ത കുടുംബശ്രീ സ്ത്രീകളിൽ 99 ശതമാനവും കൃത്യമായി തിരിച്ചടവ് നടത്തുന്നുവെന്ന വിശ്വാസ്യത കൊണ്ടാണ് സാധാരണക്കാർക്ക് ഈടില്ലാതെ 8500 കോടി രൂപ ലഭ്യമായതെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഈ മികച്ച പ്രവർത്തനത്തിന് 2019 ജൂലൈയിൽ നബാർഡിന്റെ അവാർഡും കുടുംബശ്രീക്ക് ലഭിച്ചു.